**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.278 — 12.01.2021 ൽ മറുപടിക്ക്

# കൊട്ടാരക്കര മണ്ഡലത്തിലെ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ

| | ചോദ്യം<br><br>ശ്രീമതി പി. അയിഷാ പോറ്റി: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉത്തരവായിരുന്നു; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം, ഉമ്മന്നൂർ, നെടുവത്തൂർ, എഴുകോൺ, പവിത്രേശ്വരം, മൈലം എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഇതിനകം പരിവർത്തനം ചെയ്തിട്ടുണ്ട്; | (ബി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഒന്നാം ഘട്ടത്തിൽ വെളിയം, ഉമ്മന്നൂർ,രണ്ടാം ഘട്ടത്തിൽ നെടുവത്തൂർ, എഴുകോൺ പവിത്രേശ്വരം, എന്നീ ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഇതിനകം പരിവർത്തനം ചെയ്തിട്ടുണ്ട്. |
| (സി) | ശേഷിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെക്കൂടി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ? | (സി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ശേഷിക്കുന്ന എഴുകോൺ, മൈലം എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള സിവിൽ വർക്ക്സ് നടന്നുവരുന്നു. നടപടികൾ മാർച്ച് അവസാനവാരം പൂർത്തീകരിക്കാനാകും.. |

Hari

സെക്ഷൻ ഓഫീസർ